# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1547** **03.12.2018-ൽ മറുപടിയ്ക്ക്**

## തീരദേശ റോഡുകളുടെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

(എ). മണലൂർ മണ്ഡലത്തിലെ എളവള്ളി, മുല്ലശ്ശേരി, മണലൂർ, വെങ്കിടങ്ങ്, വാടാനപള്ളി എന്നീ പഞ്ചായത്തുകളിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ എത്ര തുക അനുവദിച്ചു എന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം റോഡുകൾക്കാണ് തുക അനുവദിച്ചതെന്നും എത്ര തുക വീതമാണ് അനുവദിച്ചതെന്നും അറിയിക്കാമോ ;

(എ). & (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മണലൂർ മണ്ഡലത്തിലെ എളവള്ളി, മുല്ലശ്ശേരി, മണലൂർ, വെങ്കിടങ്ങ്, വാടാനപ്പള്ളി എന്നീ പഞ്ചായത്തുകളിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് 338.60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | എളവള്ളി | 31.30 |
| 2. | മുല്ലശ്ശേരി | 51.30 |
| 3. | മണലൂർ | 15.40 |
| 4. | വെങ്കടങ്ങ് | ഇല്ല |
| 5. | വാടാനപള്ളി | 240.60 |
| ആകെ അനുവദിച്ച തുക | | 338.6 |

(സി) ഇവയിൽ ഏതെല്ലാം തീരദേശ റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചു;

(സി) റോഡ് നിർമ്മാണം ഒന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല. അനുവദിച്ച റോഡ് നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

| | | |
|---|---|---|
| (ഡി) | എളവള്ളി പഞ്ചായത്തിലെ മണിച്ചാൽ ബണ്ട് റോഡ്, മുല്ലശ്ശേരി പഞ്ചായത്തിലെ കണ്ണേങ്ങാത്ത് കുന്നുള്ളി റോഡ്, കെ.എൽ.ഡി.സി ബണ്ട് റോഡ്, മണലൂർ പഞ്ചായത്തിലെ കരിക്കൊടി തീരദേശ റോഡ് എന്നീ റോഡുകളുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്. വിശദമാക്കാമോ? | (ഡി) |

| ക്രമ നം. | റോഡിന്റെ പേര് | പുരോഗതി |
|---|---|---|
| 1 | എളവള്ളി പഞ്ചായത്തിലെ മണിച്ചാൽ ബണ്ട് റോഡ്(ശ്മശാനം റോഡ്) | 14/08/2018 ൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| 2 | മുല്ലശ്ശേരി പഞ്ചായത്തിലെ കണ്ണേങ്ങാത്ത് കുന്നുള്ളി കെ .എൽ.ഡി.സി ബണ്ട് റോഡ് | 04/09/2018 ൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| 3 | മണലൂർ പഞ്ചായത്തിലെ കരിക്കൊടി തീരദേശ റോഡ്. | 14/08/2018 ൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**